പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 164 — 13.07.2016 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ജെയിംസ് മാത്യു<br>,, റ്റി.വി.രാജേഷ്<br>,, എം. രാജഗോപാലൻ<br>,, കെ. ദാസൻ** | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള ത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്താമോ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഹരി ഘടന താഴെ പറയും പ്രകാരമാണ്<br>കേരള സർക്കാർ - 35%<br>പൊതുമേഖല സ്ഥാപനങ്ങൾ - 25%<br>എയർപോർട്ട് പൊതുമേഖല സ്ഥാപനങ്ങൾ - 10%<br>സ്വകാര്യ വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, വാണിജ്യ ബാങ്കുകൾ, കിയാൽ ബോർഡ് കലാകാലങ്ങളിലായി അംഗീകരിച്ച മറ്റ് നിയമാനുസൃതമായ സ്ഥാപനങ്ങൾ - 30%<br>ഒന്നും രണ്ടും ഘട്ടങ്ങളിലെ സ്ഥലമെടുപ്പ് പൂർത്തിയായി. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതു വരെയായി 626.73 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>റൺവെ 3050 മീറ്ററിൽ നിന്ന് 3400 മീറ്ററായി നീട്ടാൻ ആവശ്യമുള്ള 75.5 ഏക്കർ ഭൂമിയുടെ സർവ്വെ നടത്തി ഏറ്റെടുക്കാൻ അനുമതി നൽകി. ഡിനോവയായ 131 ഏക്കർ ഭൂമി ഏറ്റെടുക്കാൻ വേണ്ട 140 കോടിരൂപ അനുവദിച്ചു. അതിൽ 70 കേടി രൂപ കിൻഫ്രക്ക് ലഭ്യമാക്കി.<br>എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവെ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപയുള്ള കരാറും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള (498.70 കോടി രൂപക്കുള്ള) കരാറും ലാർസൺ & ട്യൂബ്രോ കമ്പനിക്ക് നൽകുകയും പ്രവർത്തികൾ നടന്നുവരികയുമാണ്. എയർസൈഡ് പ്രവൃത്തി 84% വും ടെർമിനൽ ബിൽഡിംഗിന്റെ പ്രവൃത്തി 75% വും |

| | | | |
|---|---|---|---|
| | | | പൂർത്തിയായി.<br>വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാ പത്രം 21.05.2015 ന് ഒപ്പുവയ്ക്കുകയും (കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം), ലോൺ ലഭ്യമാവുകയും ചെയ്തു.<br>എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപക്കുള്ള ഓഹരി ധാരണാപത്രം 24.06.2015 ൽ ഒപ്പുവെച്ചു. മീറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മീറ്റിരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവെച്ചു. എ.ടി.എഫ് എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു (ബി.പി.സി.എൽ 76% കിയാൽ 24%). മറ്റു നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ, പാസഞ്ചർ ബോർഡിംഗ് ബ്രിഡ്ജ് തുടങ്ങിയവക്കുള്ള വർക്ക് അവാർഡ് ചെയ്യുകയും പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇനി ചെയ്യാനുള്ള ചുരുക്കം ചില പണികളുടെ ടെണ്ടർ നടപടികൾ തുടങ്ങി. ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി എന്നിവയുമായുള്ള പ്രാരംഭ ചർച്ചയും സ്ഥല സന്ദർശനങ്ങളും നടന്നു. 2017 മാർച്ച് മാസത്തോടുകൂടി പണികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത വിമാനത്താവളം യാഥാർത്ഥ്യമാക്കാനായി 1996-ലെ എൽ.ഡി.എഫ് സർക്കാരും 2001-ൽ അധികാരത്തിലെത്തിയ യു.ഡി.എഫ് സർക്കാരും പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരും ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (ബി) | 1996 ലെ എൽ.ഡി.എഫ് ഭരണകാലത്തെ പ്രവർത്തങ്ങൾ ചുവടെ ചേർക്കുന്നു.<br>1998 ൽ വിമാനത്താവള നിർമ്മാണത്തിന് ഭരണാനുമതി നൽകി, കിൻഫ്രയെ കണ്ണൂർ വിമാനത്താവളത്തിന്റെ നോഡൽ ഏജൻസിയായി നിയമിച്ചു. കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി ഒന്നാം ഘട്ട സ്ഥലമെടുപ്പ് നടപടി ആരംഭിച്ചു. 2001 ഓടെ ഒന്നാം ഘട്ട സ്ഥലമെടുപ്പ് പൂർത്തിയായി. 192.18 ഏക്കർ സ്ഥലം ഏറ്റെടുത്തു.<br>2001 ലെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മറ്റു പുരോഗതികൾ ഒന്നും ഉണ്ടായിട്ടില്ല. പിന്നീട് അധികാരത്തിലെത്തിയ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>05.07.2008 ൽ കണ്ണൂർ എയർപോർട്ടിനായി |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. 2008 ൽ കേന്ദ്ര വ്യോമയാന മന്ത്രാലയം കണ്ണൂർ വിമാനത്താവളത്തിന് അനുമതി നൽകി (19.02.2008 ൽ തത്വാധിഷ്ഠിത അംഗീകാരം) 01.02.2008 ൽ കണ്ണൂർ വിമാനത്താവളത്തിനു വേണ്ടിയുള്ള രണ്ടാംഘട്ട സ്ഥലമെടുപ്പ് പാക്കേജ് പ്രഖ്യാപിക്കുകയും 2010-11 ഓടെ 1086.77 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. 2008 ൽ മൂന്ന് ലാന്റ് അക്വിസിഷൻ ഓഫീസുകൾ മട്ടന്നൂരിൽ ആരംഭിച്ചു. 2008 ൽ കണ്ണൂർ വിമാനത്താവളത്തിന്റെ കൺസൾട്ടൻസിക്കായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ നിയമിച്ചു. 2009 ഡിസംബറിൽ കണ്ണൂർ വിമാനത്താവള കമ്പനി രൂപീകരിച്ചു. 2010 ഡിസംബർ 12 ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി.എസ്.അച്ചുതാനന്ദന്റെ അദ്ധ്യക്ഷതയിൽ ബഹു. കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി ശ്രീ. പ്രഫുൽ പട്ടേൽ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. |
| (സി) | 4000 മീറ്റർ റൺവേ വിഭാവന ചെയ്തിരുന്നത് 3050 മീറ്ററോ 3400 മീറ്ററോ ആയി ചുരുക്കാൻ ശ്രമം നടന്നിരുന്നോ; എങ്കിൽ ഏതു കാലഘട്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | 1998 ൽ G.O(Ms) No. 2/98/Tran dated 17.01.1998 പ്രകാരം എയർപോർട്ടിന്റെ റൺവെയുടെ നീളം ഏകദേശം 12,000 അടിയായി വിഭാവനം ചെയ്തിരുന്നു. 2005 ൽ കേരള സർക്കാർ നിയമിച്ച കൺസൾട്ടന്റായ EMAUNIHORN റൺവെയുടെ നീളം ഏകദേശം 3400 മീറ്റർ ആയി വിഭാവനം ചെയ്തിരുന്നു. 2013 ൽ കണ്ണൂർ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡ് നിയമിച്ച കൺസൾട്ടന്റായ എയ്ക്കോം ആദ്യഘട്ടത്തിൽ റൺവെയുടെ നീളം 3050 മീറ്ററിന്റെ ആവശ്യമേ ഉള്ളുവെന്നും അന്തിമഘട്ടത്തിൽ 3400 മീറ്ററായി ദീർഘിപ്പിക്കാമെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെ നീളം 4000 മീറ്ററായിരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | കണ്ണൂർ വിമാനത്താവളം പ്രവർത്തനക്ഷമമാക്കുന്നതിന് ഈ സർക്കാരിന്റെ കർമ്മ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഡി) | ഫർണിച്ചർ, ഇന്റീരിയർ ഡിസൈൻ, സെക്യൂരിറ്റി എക്യൂപ്മെന്റ് മുതലായവയുടെ ടെണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ ടെണ്ടറുകളും ഓഗസ്റ്റിനുള്ളിൽത്തന്നെ ക്ഷണിക്കാൻ ക്രമീകരണം ചെയ്തിട്ടുണ്ട്. അവാർഡ് ചെയ്യപ്പെട്ട പണികൾ പൂർത്തീകരിക്കുന്നതിനായി ഏജൻസികളുമായി എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി പുരോഗതി വിലയിരുത്തുന്നു. അടുത്ത മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഡി.ജി.സി.എ ലൈസൻസിനു |

| | | | |
|---|---|---|---|
| | | | മുന്നോടിയായിട്ടുള്ള ഡോക്യൂമെന്റ് പ്രിപ്പറേഷൻ നടന്നു വരുന്നു. സ്റ്റാറ്റ്യൂട്ടറി ഏജൻസികളായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി, കസ്റ്റംസ്, ഇമിഗ്രേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവരുമായി മീറ്റിംഗ് നടത്തി അവർക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിവരുന്നു. അവരുടെ സേവനങ്ങൾക്കായുള്ള ക്രമീകരണം 2017 ജനുവരിയിൽ പൂർത്തിയാക്കാൻ നടപടി എടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കിൻഫ്ര, മൈനർ ഇറിഗേഷൻ, പി.ഡബ്ല്യൂ.ഡി എന്നിവയുമായി ചേർന്ന് എയർപോർട്ടുമായി ബന്ധപ്പെട്ട അനുബന്ധ കാര്യങ്ങൾ സംയുക്തമായി ചെയ്തുവരുന്നു. എയർപോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി പ്രവർത്തനസജ്ജമാകാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതായിരിക്കും. എയർലൈൻ കമ്പനികളായ എയർ ഇന്ത്യ, ജറ്റ് എയർവേയ്സ്, ഇൻഡിഗോ, മുതലായ സ്ഥാപനങ്ങളുമായി ചർച്ച നടത്തി എയർ എയർക്രാഫ്റ്റ് ഓപ്പറേഷനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ